**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1620          22.03.2013 - ൽ മറുപടിയ്ക്ക്

**<u>രോഗപരിചരണത്തിനു സഹായം നൽകുന്ന പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | **ഡോ. എം.കെ. മുനീർ**<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കിടപ്പിലായവരും മാരക രോഗത്തിന് അടിമപ്പെട്ട് ദീർഘകാല പരിചരണം ആവശ്യമായവരുമായ രോഗികളെ പരിപാലിക്കുന്ന അടുത്ത ബന്ധുക്കൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്നുണ്ടോ ; | (എ) | നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഇതിന്റെ നിർവ്വഹണ രീതി എങ്ങനെയാണ്; നിർവ്വഹണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസംമൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് മുഴുവൻ സമയവും മറ്റൊരാളുടെ പരിചരണം ആവശ്യമാണ്. പരിചരിക്കുന്ന വ്യക്തികൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ കഴിയുകയില്ല. അങ്ങനെയുള്ള വ്യക്തികൾക്ക് 400/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് 'ആശ്വാസ കിരണം' .<br><br>'ആശ്വാസ കിരണം' പദ്ധതിയുടെ അപേക്ഷാഫാറം സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള ജില്ലാ സാമൂഹ്യനീതി ആഫീസുകൾ, സംയോജിത ശിശു വികസന പദ്ധതി ആഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.<br><br>പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടർക്കാണ്. |
| (സി) | ഇത്തരം സഹായം ലഭിക്കേണ്ട ആളുകളെ കണ്ടെത്താൻ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ? | (സി) | സർവ്വേ നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | | | |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അർഹരായവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | അംഗൻവാടി വർക്കർമാർ, ശിശു വികസന പദ്ധതി ആഫീസിലെ ഓരോ പഞ്ചായത്തുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരായ സൂപ്പർവൈസർമാർ ബ്ലോക്കു തലത്തിലുള്ള സി.ഡി.പി.ഒ. മാർ എന്നിവർ വഴിയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. |
| (ഇ) | 2011–12, 2012–13 സാമ്പത്തിക വർഷം ഇതിനാൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) | 2011–12 സാമ്പത്തിക വർഷത്തിൽ 16092 ഗുണഭോക്താക്കൾക്ക് 8,05,97,800/- രൂപയും 2012-2013 സാമ്പത്തിക വർഷത്തിൽ 40147 ഗുണഭോക്താക്കൾക്ക് 23,10,05,545 രൂപയും ചെലവഴിച്ചു കഴിഞ്ഞു. |

R. Vijayan

സെക്ഷൻ ഓഫീസർ